നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

2025 നവംബർ വാല്യം 1

ന്യൂസ്‌ലെറ്റർ

ഓൺലൈൻ



## പൊതുവിദ്യാഭ്യാസമേഖല രാജ്യത്തിന് മാതൃക: മുഖ്യമന്ത്രി

രാജ്യത്തിനു മാതൃകയാകുന്ന തരത്തിൽ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല മികവ് നേടിയിട്ടുണ്ടെന്നും ലോകത്തിലെ തന്നെ ഏറ്റവും മികച്ചതായി കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തിനു മാറാൻ സാധിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. വിഷൻ 2031 ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സംസ്ഥാനതല സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഇ.എം.എസിന്റെ നേതൃത്വത്തിൽ വന്ന ആദ്യ സർക്കാരാണ് ഇന്ന് കാണുന്ന കേരളത്തിന്റെ അഭിമാനകരമായ വിദ്യാഭ്യാസ മേഖലക്ക് അടിത്തറയിടുന്നത്. കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരത്ത് സ്കൂളുകൾ ഉണ്ടായി. വലിയ തോതിൽ പഠനത്തിനുള്ള പിന്തുണ നൽകി. സ്കൂളുകളിൽ ഫീസ് നൽകേണ്ടതില്ല എന്ന നില വന്നപ്പോൾ പാവപ്പെട്ട കുട്ടികൾക്ക്




കൂടുതൽ പഠിക്കാൻ അവസരം ലഭിച്ചു. ആ ആനുകൂല്യം അനുഭവിച്ചു പഠിച്ചവരായിരുന്നു ഞങ്ങളുടെ തലമുറയെന്നും അദ്ദേഹം പറഞ്ഞു.

പഴയ തലമുറയിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്ക് വേണ്ടി പിന്നീട് സാക്ഷരതാ പ്രസ്ഥാനം ആരംഭിച്ചു. രാജ്യത്തെ വിസ്മയിപ്പിച്ചുകൊണ്ട് സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്താനായി. കേരളത്തിന്റെ വിദ്യാഭ്യാസരംഗം രാജ്യം ശ്രദ്ധിക്കുന്ന തലത്തിൽ ഉയർന്നു.

2016 ൽ ഇടത് സർക്കാർ അധികാരത്തിൽ വന്നതോടെ പൊതുവിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു. കെട്ടിടങ്ങൾ നവീകരിച്ചു. പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിന് മുന്നേ വിദ്യാർത്ഥികൾക്ക് ലഭിച്ചു തുടങ്ങി. സാമൂഹിക പ്രതിബദ്ധതയുള്ള സമൂഹം മുന്നോട്ടു പോകേണ്ടതെങ്ങനെയെന്ന് ധാരണയുള്ള സർക്കാർ അധികാരത്തിൽ വന്നതിന്റെ ഉദാഹരണമായി പൊതുവിദ്യാഭ്യാസ മേഖല മാറിയെന്നും മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. ആന്റണി രാജു എം എൽ എ, പൊതുവിദ്യാഭ്യാസ സെക്രട്ടറി കെ വാസുകി, ഡയറക്ടർ ഉമേഷ് എൻ എസ് കെ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊഫ. മിനി സുകുമാർ, തുടങ്ങിയവർ പങ്കെടുത്തു.

## ആരോഗ്യ രംഗത്തെ മറ്റൊരു മാതൃകയാകും ഹൃദയപൂർവം പദ്ധതി: മുഖ്യമന്ത്രി

ആരോഗ്യ രംഗത്ത് വൻ ജനകീയ മുന്നേറ്റങ്ങളിലൂടെ മാതൃകയായ സംസ്ഥാനമാണ് കേരളമെന്നും അത്തരം മാതൃകയിലൂടെ കൂട്ടിച്ചേർക്കപ്പെടുന്ന ഒന്നാകും ഹൃദയപൂർവം പദ്ധതിയെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. നമ്മുടെ യുവജനങ്ങളേയും മുൻനിര തൊഴിൽ വിഭാഗങ്ങളേയും പ്രഥമ ശുശ്രൂഷ നൽകാൻ പ്രാപ്തമാരാക്കുക, ഹൃദയസ്തംഭനത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറിയാനുള്ള അവബോധം സൃഷ്ടിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 200 സ്ഥലങ്ങളിലാണ് ഇന്ന് സംസ്ഥാനത്ത് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. തുടർന്ന് സ്കൂളുകളിലും സർക്കാർ സ്ഥാപനങ്ങളിലും പ്രാദേശിക കേന്ദ്രങ്ങളിലും പരിപാടികൾ സംഘടിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഹൃദയാഘാത പ്രഥമ ശുശ്രൂഷാ (സിപിആർ: കാർഡിയോ പൾമണറി റെസെസിറ്റേഷൻ) പരിശീലന ബോധവത്ക്കരണ ക്യാമ്പയിനായ 'ഹൃദയപൂർവ'ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിയമസഭയിലെ ശങ്കര നാരായണൻ തമ്പി ഹാളിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഹൃദയസ്തംഭനം കൊണ്ടുള്ള പെട്ടന്നുണ്ടാകുന്ന മരണങ്ങൾ കുറയ്ക്കാനായി പൊതുജനങ്ങൾക്ക് പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകുന്നതാണ് ഹൃദയപൂർവം പദ്ധതി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സിപിആർ ജനകീയ ക്യാമ്പയിൻ കേരളത്തിലെമ്പാടും സംഘടിപ്പിക്കുന്നത് അഭിനന്ദനീയമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞു.

ലോക ഹൃദയദിനത്തിൽ അനിവാര്യമായ ഒരു പ്രവർത്തന




ത്തിനാണ് തുടക്കമിടുന്നതെന്ന് ചടങ്ങിൽ സ്വാഗതം ആശംസിച്ച ആരോഗ്യ വകുപ്പ്മന്ത്രി വീണാ ജോർജ് പറഞ്ഞു. നമ്മുടെ കൺമുമ്പിൽ പ്രിയപ്പെട്ടവർ വീണ് മരിക്കുന്ന ഒട്ടേറെ സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അതൊരു തീരാവേദനയാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഹൃദയമിടിപ്പ് വീണ്ടെടുക്കുന്നതിന് വേണ്ടിയുള്ള ഒരു ഇടപെടൽ സാധാരണക്കാരായ ജനങ്ങൾക്ക് സാധ്യമാണ്.

മന്ത്രിമാരായ കെ. രാജൻ, കെ. കൃഷ്ണൻകുട്ടി, കടന്നപ്പള്ളി രാമചന്ദ്രൻ, എ.കെ. ശശീന്ദ്രൻ, ജി.ആർ. അനിൽ, നിയമസഭാ സെക്രട്ടറി കൃഷ്ണകുമാർ, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ഐഎംഎ പ്രസിഡന്റ് ശ്രീവത്സൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എംഎൽഎമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, നിയമസഭാ ജീവനക്കാർ, ഡോക്ടർമാർ, ഐഎംഎ പ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായി.

## എഡിറ്റോറിയൽ

### ലക്ഷ്യം കൈവരിച്ച് ഒരു തൈ നടാം ക്യാമ്പയിൻ



ഒരു കോടി തൈകൾ നടാൻ ലക്ഷ്യമിട്ടുള്ള ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ ലക്ഷ്യം കൈവരിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഹരിതകേരളം മിഷൻ. ഈ ജനകീയ കർമപരിപാടി പ്രായോഗിക തലത്തിൽ സാർത്ഥകമാക്കുന്നതിനായി പ്രയത്നിച്ചവരെയെല്ലാം ഹാർദമായി അഭിനന്ദിക്കുകയാണ്. 1,06,58,790 തൈകളാണ് ക്യാമ്പയിനുവേണ്ടി സമാഹരിച്ചത്. ക്യാമ്പയിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ പിന്തുണ പ്രത്യേക പരാമർശം അർഹിക്കുന്നു. വിദ്യാർഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമസേനാംഗങ്ങൾ, ജീവനക്കാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങി സമസ്ത ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. വംശനാശ ഭീഷണി നേരിടുന്ന മരങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കാനും പ്രത്യേക ശ്രദ്ധ വച്ചു. ക്യാമ്പയിന്റെ ഭാഗമായി സുഹൃത്തുക്കൾ തമ്മിൽ വൃക്ഷത്തൈകൾ കൈമാറുന്ന ചങ്ങാതിക്കൊരു തൈ പരിപാടി ആവേശോജ്ജ്വലമായിരുന്നു. വിദ്യാർഥികൾ ഇതിലൂടെ 15 ലക്ഷത്തിലധികം തൈകളാണ് കൈമാറിയത്.വൃക്ഷത്തൈകൾ നട്ട സ്ഥലവും തൈകളും വളർച്ചയും നിരീക്ഷിക്കുന്നതിന് കേരള സാങ്കേതിക സർവകലാശാലയുടെ പിന്തുണയോടെ ജിയോ ടാഗിംഗ് സംവിധാനം ഏർപ്പെടുത്തി. ക്യാമ്പയിനിലൂടെ നട്ട പത്തു ശതമാനം തൈകളാണ് ജിയോ ടാഗിംഗ് ചെയ്യുന്നത്.

നമ്മുടെ പ്രദേശത്തിന്റെ പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കും ഇവിടത്തെ ജീവജാലങ്ങൾക്കും അനുയോജ്യമായ ഒട്ടേറെ തദ്ദേശ ഇനം സസ്യങ്ങളാൽ സമ്പന്നമായ പ്രദേശമാണ് കേരളം. എങ്കിലും നമ്മുടെ വൃക്ഷ സമ്പത്തിന്റെ അളവ് വ്യാപിപ്പിക്കുക എന്നതും തദ്ദേശീയമായ വൃക്ഷങ്ങൾ കൂടുതലായി വച്ചുപിടിപ്പിക്കുക എന്നതും സുപ്രധാനമാണ്. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കൊപ്പം ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ പരിപാടി ഈ ആശയവും നിറവേറ്റുന്നുണ്ട്.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## ലൈഫ് പദ്ധതിയിൽ അഞ്ചേകാൽ ലക്ഷം വീടുകൾ പൂർത്തീകരിക്കും - മന്ത്രി എം.ബി. രാജേഷ്



ലൈഫ് പദ്ധതിയിൽ അഞ്ചേകാൽലക്ഷം വീടുകൾ പൂർത്തീകരിക്കുമെന്ന് തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പു മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. കല്ലറ ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ നിർമാണം പൂർത്തിയാക്കിയ 103 വീടുകളുടെ താക്കോൽ സമർപ്പണം നടത്തുകയായിരുന്നു അദ്ദേഹം.

നാലു ലക്ഷത്തി അറുപത്തിയേഴായിരം വീടുകൾ ഇതിനോടകം പൂർത്തിയാക്കി. 18885.58 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിൽ 17000 കോടിയും കേരളം സ്വന്തമായി കണ്ടെത്തിയതാണ്.

ചേരിയിൽ കഴിഞ്ഞിരുന്ന 394 കുടുംബങ്ങളെയാണ് ഫോർട്ട് കൊച്ചിയിൽ പണിത 13 നില ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചത്. മറ്റിടങ്ങളിൽ ചേരിയിൽ കഴിയുന്നവരെ കാണാതിരിക്കാൻ കെട്ടി മറയ്ക്കുമ്പോൾ ചേരിയിൽ കഴിയുന്നവർക്കുവേണ്ടി കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്ന സമീപനമാണ് ഇവിടെ. വീട് അവകാശമാണ്. അത് ആരുടെയും ഔദാര്യമല്ല.

13 വാർഡുകളിൽ നിന്നുള്ള ഗുണഭോക്താക്കളുടെ പ്രതിനിധികളായ 13 പേർക്ക് മന്ത്രി താക്കോൽ കൈമാറി. ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ സി.കെ. ആശ എം.എൽ.എ അധ്യക്ഷത വഹിച്ചു. കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോണി തോട്ടുങ്കൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ജോസ് പുത്തൻകാലാ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് അമ്പിളി മനോജ് തുടങ്ങിയവർ പങ്കെടുത്തു.

## ഹൃദയപൂർവം: ആദ്യ ദിനം 15,616 പേർ ഹൃദയസ്തംഭന പ്രഥമ ശുശ്രൂഷാ പരിശീലനം നേടി



സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഹൃദയസ്തംഭന പ്രഥമ ശുശ്രൂഷാ (സിപിആർ: കാർഡിയോ പൾമണറി റെസൈസിറ്റേഷൻ) പരിശീലന ബോധവത്ക്കരണ ക്യാമ്പയിന്റെ (ഹൃദയപൂർവം) ഭാഗമായി 15,616 പേർക്ക് പരിശീലനം നൽകിയതായി ആരോഗ്യ വകുപ്പുമന്ത്രി വീണാ ജോർജ്. എല്ലാ ജില്ലകളിലുമായി 242 കേന്ദ്രങ്ങളിലായിരുന്നു പരിശീലനം സംഘടിപ്പിച്ചത്. തുടർന്നും പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും പരിശീലനത്തിനായി മുന്നോട്ട് വരണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ആരോഗ്യ വകുപ്പ് ഐഎംഎയുമായി സഹകരിച്ചാണ് പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ പേർ സിപിആർ പരിശീലനത്തിൽ പങ്കെടുത്തത് എറണാകുളം ജില്ലയിലാണ്. തിരുവനന്തപുരം 873, കൊല്ലം 848, പത്തനംതിട്ട 837, ആലപ്പുഴ 1040, കോട്ടയം 409, ഇടുക്കി 453, എറണാകുളം 4311, തൃശൂർ 1193, പാലക്കാട് 634, മലപ്പുറം 308, കോഴിക്കോട് 559, വയനാട് 1113, കണ്ണൂർ 2075, കാസർഗോഡ് 963 എന്നിങ്ങനെയാണ് പരിശീലനം നേടിയവരുടെ എണ്ണം.



തിരുവനന്തപുരം നന്ദിയോട് ഹരിതകേരളം മിഷന്റെ ഹരിത ഗ്രന്ഥശാല സർട്ടിഫിക്കറ്റ് വിതരണവും, വി. വി. അജിത് സ്മാരക ഗ്രന്ഥശാല മന്ദിര ഉദ്ഘാടനവും മന്ത്രി ഒ. ആർ.കേളു നിർവഹിച്ചു.

## പരവൂർ തെക്കുംഭാഗം സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ ബഹുനില മന്ദിരം; ശിലാസ്ഥാപനം നിർവഹിച്ച് മന്ത്രി വി ശിവൻകുട്ടി

ദേശീയ കണക്കെടുപ്പുകളിൽ ഉൾപ്പെടെ കേരളത്തിന്റെ പൊതു വിദ്യാഭ്യാസമേഖല മുന്നേറ്റം തുടരുകയാണ് എന്ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വി ശിവൻകുട്ടി. കൊല്ലം പരവൂർ തെക്കുംഭാഗം സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ പുതുതായി നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ ശിലാസ്ഥാപനവും നിർമ്മാണ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. 2016 മുതൽ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ 47 ലക്ഷം വിദ്യാർത്ഥികൾക്കായി മികച്ച അടിസ്ഥാന-ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയാണ്. ഇതുവരെ 5,000 കോടി രൂപയുടെ നിർമാണ പ്രവർത്തികൾ നടപ്പാക്കി. 45,000 സ്മാർട്ട് ക്ലാസ്സ്റൂമുകളും ഒരുക്കി. അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനൊപ്പം വിദ്യാർത്ഥികളുടെ പഠനമികവ് വർധിപ്പിക്കാൻ ഒൻപതാം ക്ലാസ്സ് വരെ നിലനിന്നിരുന്ന 'ഓൾ പാസ്സ്' സമ്പ്രദായം നിർത്തലാക്കി. കുട്ടികളുടെ പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്താനും അവരുടെ ഭാവി സുരക്ഷിതമാക്കാനും അധ്യാപകരുടെയും മാതാപിതാക്കളുടെയും കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും അദ്ദേഹം കൂട്ടി



ച്ചേർത്തു. ജി എസ് ജയലാൽ എം എൽ എ അധ്യക്ഷനായി. പരവൂർ നഗരസഭ ചെയർപേഴ്സൺ പി ശ്രീജ, സ്ഥിരം സമിതികളുടെ അധ്യക്ഷരായ വി. അംബിക, എസ് ഗീത, എസ് ശ്രീലാൽ, എ മിനി, ജെ ഷെരീഫ്, നഗരസഭ അംഗം ജെ.സനൽലാൽ, തെക്കും ഭാഗം എച്ച്. എസ്. എസ് പ്രിൻസിപ്പൽ ഡോ എൽ മായ, ഹെഡ്മിസ്ട്രസ് എ.പി ശ്രീകല വിദ്യാകിരണം മിഷൻ കോഡിനേറ്റർ കിഷോർ കൊച്ചയം, തുടങ്ങിയവർ പങ്കെടുത്തു.

## "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" നീർച്ചാൽ ഭൂപടങ്ങൾ പഞ്ചായത്തുകൾക്ക് കൈമാറി

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ നിർണ്ണയവും ജനകീയ വീണ്ടെടുപ്പും ലക്ഷ്യമാക്കി ഹരിതകേരളം മിഷൻ തദ്ദേശസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകൾക്ക് നീർച്ചാൽ ഭൂപടങ്ങൾ കൈമാറി. പത്തനംതിട്ട റാന്നിയിൽ നടന്ന ചടങ്ങിൽ മന്ത്രി റോഷി അഗസ്റ്റിൻ തദ്ദേശസ്ഥാപനങ്ങൾക്ക് നീർച്ചാൽ ഭൂപടങ്ങൾ കൈമാറി. പ്രമോദ് നാരായണൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. റാന്നി , റാന്നി പഴവങ്ങാടി, റാന്നി പെരുനാട്, വെച്ചൂച്ചിറ, നാറാണംമൂഴി, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ ഭൂപടങ്ങൾ ഏറ്റുവാങ്ങി. ഓരോ തദ്ദേശസ്ഥാപനത്തിലേയും നീർച്ചാലുകളുടെ ഓരത്തുകൂടി നടന്ന് നിലവിലെ സ്ഥിതി നേരിട്ട് ബോധ്യപ്പെട്ട് ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ മൊബൈൽ



ആപ്ലിക്കേഷനും കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഉപയോഗിച്ചാണ് നീർച്ചാലുകളുടെ ഡിജിറ്റൽ മാപ്പിംഗ് പൂർത്തീകരിച്ചിട്ടുള്ളത്. തുടർന്ന് നീർച്ചാൽ ഭൂപടത്തിന്റേയും ജലബജറ്റിന്റേയും അടിസ്ഥാനത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുകയാണ് ലക്ഷ്യം.

യോഗത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് ഏബ്രഹാം, ജില്ലാ കളക്ടർ പ്രേംകൃഷ്ണൻ ഐ.എ.എസ്, ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ,ഭൂവിനിയോഗ കമ്മീഷണർ ജാസ്മിൻ എൽ റഷീദ്, ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ജി അനിൽകുമാർ, കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ ആദില, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## സമ്പൂർണ്ണ ഹരിതസമൃദ്ധി പ്രഖ്യാപിച്ച് നൊച്ചാട് ഗ്രാമപഞ്ചായത്ത്

17 വാർഡുകളിലായി ഏഴായിരം വീടുകളിൽ 1,33,350 പച്ചക്കറി തൈകൾ വിതരണം ചെയ്ത് സമ്പൂർണ്ണ ഹരിത സമൃദ്ധിയായി കോഴിക്കോട് നൊച്ചാട് ഗ്രാമപഞ്ചായത്ത് പ്രഖ്യാപനം നടത്തി.
വിഷരഹിത പച്ചക്കറികൾ മുഴുവൻ വീടുകളിലും ലഭ്യമാക്കുക, കൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി ഹരിതകേരളം മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഹരിത സമൃദ്ധി. അടുത്തകാലത്തായി കാർഷിക മേഖലയിൽ വൻ കുതിച്ചു കയറ്റമാണ് നൊച്ചാടിന് ഉണ്ടായത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെയും, കൃഷി വകുപ്പ്, ഹരിതകേരളം മിഷൻ, എന്നിവയുടെയും സംയോജനത്തോടെ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ ജെഎൽജി ഗ്രൂപ്പുകൾ എന്നിവരെ കൂടി കാർഷിക മേഖലയിൽ കൃത്യമായി ഇടപെടുവിക്കാൻ സാധിച്ചിട്ടുണ്ട്. മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുന്നതിലും വിപണി ഇടപെടലിനുമായി ഫാർമർ പ്രൊഡ്യൂസർ കമ്പനി പ്രവർത്തിക്കുന്നുണ്ട്.

# ചേർത്ത് വെയ്ക്കാം പച്ചപ്പിനെ, തണലേകാൻ കാസർകോട് ജില്ലയിൽ 440360 തൈകൾ കൂടി;

നല്ല നാളെയ്ക്കായി പച്ചപ്പിനെ ചേർത്തുവെയ്ക്കാൻ സംസ്ഥാന സർക്കാർ ഹരിതകേരളം മിഷനിലൂടെ ആവിഷ്ക്കരിച്ച ഒരു തൈ നടാം ക്യാമ്പയിൻ അവസാനിക്കാനിരിക്കെ കാസർകോട് ജില്ലയിൽ 397454 തൈകൾ ജനകീയമായും 42906 തൈകൾ സർക്കാർ സ്ഥാപനങ്ങൾ വഴിയും ശേഖരിച്ചു. ഇതുവരെ 440360 തൈകൾ നട്ടു. ഇത് സംബന്ധിച്ച് പ്രഖ്യാപനം വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ നിർവ്വഹിച്ചു. 260650 തൈകൾ ജനകീയ ശേഖരണത്തിലൂടെയും



158806 തൈകൾ സർക്കാർ സ്ഥാപനങ്ങൾ വഴിയും ശേഖരിച്ച് നടാനായിരുന്നു നിർദ്ദേശം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സാമൂഹ്യ വനവൽക്കരണവകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി, സ്വകാര്യ നേഴ്സറികൾ, ഗവേഷണസ്ഥാപനങ്ങൾ, കൃഷി വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, കുടുംബശ്രീ, വിദ്യാലയങ്ങൾ, കോളേജുകൾ, ഹരിതകർമസേനാംഗങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ, വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ ഹരിതകേരളം മിഷൻ ജൂൺ 5 നാണ് ക്യാമ്പയിൻ ആരംഭിച്ചത്. നിലവിലുള്ള പച്ചത്തുരുത്തുകളിൽ നശിച്ചു പോയ തൈകൾക്കു പകരം നടുന്നതിനും ക്യാമ്പയിനിലൂടെ കഴിഞ്ഞു.

### ട്രീ ടാഗിംഗ്

ഒരു തൈ നടാം കാമ്പയിന്റെ ഭാഗമായി നട്ട തൈകൾ ടാഗ് ചെയ്യുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോട് കൂടി ഹരിതകേരളം മിഷൻ നടത്തുന്ന പ്രവർത്തനമാണ് ട്രീ ടാഗിംഗ്. എൽ ബി എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോളജ് ഓഫ് എഞ്ചിനീയറിംഗ് തൃക്കരിപ്പൂർ എന്നിവിടങ്ങളിലെ എൻ. എസ്.എസ് വിദ്യാർത്ഥികളാണ് ട്രീ ടാഗ് ചെയ്യുന്നത്. ഇതുവരെ 1000ത്തിലധികം തൈകൾ ടാഗ് ചെയ്തു കഴിഞ്ഞു. വിദ്യാർത്ഥികളും മുതിർന്നവരും സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരും പച്ചപ്പിന്റെ കാവലാളാകാൻ സ്വയം തയ്യാറായപ്പോൾ ജില്ലയിൽ നല്ല നാളേക്കുള്ള പുത്തൻ പച്ചപ്പുകളാൽ നിറഞ്ഞുവെന്നും മികച്ച പ്രതികരണമാണ് ക്യാമ്പയിന് ലഭിച്ചതെന്നും ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ പറഞ്ഞു.

## തൃത്താലയിൽ ദേവഹരിതം പദ്ധതി

ഹരിതകേരളം മിഷനും സുസ്ഥിര തൃത്താല പദ്ധതിയും ചേർന്നുള്ള ദേവഹരിതം പദ്ധതി പാലക്കാട് ജില്ലയിലെ ആനക്കര പഞ്ചായത്തിലെ പെരുമ്പലം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് കെ.മുഹമ്മദ് അധ്യക്ഷനായി. പഞ്ചായത്തംഗം ജ്യോതിലക്ഷ്മി, ക്ഷേത്രം ചെയർമാൻ ദാസൻ, ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ നീരജ രാമദാസ് എന്നിവർ സംസാരിച്ചു. തൃശൂർ സെന്റ് തോമസ് കോളേജ്, കേരള ജൈവവൈവിധ്യ ബോർഡ് എന്നിവരും പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം, ഭൂഗർഭ ജലശോഷണം എന്നിവയ്ക്ക് പരിഹാരമായി ദേവാലയങ്ങളിൽ സൃഷ്ടിക്കുന്ന ചെറുവനങ്ങളാണ് ദേവഹരിതം പച്ചത്തുരുത്തുകൾ. തദ്ദേശസ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പിന്തുണയോടെയാണ് പദ്ധതി നടപ്പാക്കുക.



## ആദരവ് നൽകി

ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് സംസ്ഥാനതല നോമിനേഷൻ നേടിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പച്ചത്തുരുത്തുകൾ ഒരുക്കാൻ സഹകരിച്ച വ്യക്തികൾ, എന്നിവർക്ക് ഹരിതകേരളം മിഷൻ കണ്ണൂർ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ആദരവ് നൽകി. ചടങ്ങ് എം.വി.ഗോവിന്ദൻ മാസ്റ്റർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കേരളമെന്ന വലിയൊരു പച്ചത്തുരുത്തിനെ കാത്തു സൂക്ഷിക്കാ



നുള്ള മത്സരമാണ് പ്രദേശങ്ങളും ജില്ലകളും ചെറിയ ചെറിയ പച്ചത്തുരുത്തുകൾ ഒരുക്കി കൊണ്ട് നടത്തേണ്ടതെന്നും അങ്ങിനെയൊരു മത്സരത്തിലൂടെയേ ദൈവത്തിന്റെ സ്വന്തം നാട് എന്ന ഖ്യാതി നിലനിർത്താൻ കഴിയു എന്ന് എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഇക്കാര്യം നമ്മുടെ പട്ടിണിയും ദാരിദ്ര്യവും ഇല്ലാതാക്കാൻ നടത്തിയ സാമൂഹിക സമരങ്ങൾ പരിസ്ഥിതി സംരക്ഷണ കാര്യത്തിലും ഉണ്ടാവേണ്ടതുണ്ട്. അത്തരമൊരു സമരരീതി കൂടിയാണ് പച്ചത്തുരുത്തുകൾ ഒരുക്കുകയെന്നതെന്നും എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എം. കൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന തല പച്ചത്തുരുത്ത് പുരസ്കാര നോമിനേഷൻ ലഭിച്ച 37 പച്ച

ത്തുരുത്തുകൾക്ക് ചടങ്ങിൽ അനുമോദന പത്രം സമ്മാനിച്ചു.

ഒരു തൈ നടാം - ഒരു കോടി തൈകൾ എന്ന ക്യാമ്പയിനിൽ ഏറ്റവും കുടുതൽ വൃക്ഷ തൈകൾ ശേഖരിച്ച് നട്ടുപിടിപ്പിച്ച കുടുംബശ്രീ സി.ഡി. എസുകൾക്കുള്ള പുരസ്കാരങ്ങൾ മുൻ ആരോഗ്യ മന്ത്രി പി.കെ. ശ്രീമതി ടീച്ചർ നിർവ്വഹിച്ചു. 32 കുടുംബശ്രീ സി.ഡി. എസുകൾക്കാണ് പുരസ്കാരം നല്കിയത്. ഒരു തൈ നടാം ഒരു കോടി തൈകൾ എന്ന ക്യാമ്പയിൽ കണ്ണൂർ ജില്ലയിൽ 937357 വൃക്ഷത്തൈകൾ നട്ട് സംസ്ഥാനത്ത് ഒന്നാം സ്ഥാനം നേടിയ ജില്ല ലക്ഷ്യം നേടിയതായുള്ള പ്രഖ്യാപനം നവകേരളം കർമപദ്ധതി 2 സംസ്ഥാന അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ നിർവ്വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ എം.പി. ജയൻ, വി.സി. ബാലകൃഷ്ണൻ, സ്നേഹ, എന്നിവർ സംസാരിച്ചു. ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ വി. സഹദേവൻ നന്ദി പറഞ്ഞു.

## അതിദരിദ്രർക്ക് വാതിൽപ്പടി സേവനങ്ങളുമായി ആരോഗ്യ വകുപ്പ് സൗജന്യ പരിശോധനകളും ചികിത്സയും ഉറപ്പാക്കുന്നു

അതിദരിദ്രർക്ക് ആരോഗ്യവകുപ്പിന്റെ വാതിൽപ്പടി സേവനങ്ങൾ ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിദരിദ്രരില്ലാത്ത കേരളം എന്ന സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പ് വരുത്തുന്നതിനായി കർമ്മപദ്ധതി ആവിഷ്ക്കരിക്കുകയും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ബ്രെയിൻസ്റ്റോമിംഗ് സെഷൻ സംഘടിപ്പിച്ചാണ് അതിദരിദ്രരായ കുടുംബങ്ങൾക്ക് ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കിയത്. രക്ത പരിശോധനയും വൈദ്യ സഹായവുമായാണ് ആരോഗ്യ പ്രവർത്തകർ അതിദരിദ്രരുടെ വീടുകളിലെത്തുന്നത്. സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 28 വരെയാണ് ആരോഗ്യപ്രവർത്തകർ അതിദരിദ്രരുടെ വീടുകളിലെത്തി ആരോഗ്യ പരിശോധന നടത്തുന്നത്. സേവന പ്രോട്ടോക്കോളുകൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ബ്ലഡ് കൗണ്ട്, ആർബിഎസ്, ബ്ലഡ് യൂറിയ/ സെറം ക്രിയാറ്റിൻ, എസ്.ജി.ഒ.ടി./ എസ്.ജി.പി.റ്റി., ലിപിഡ് പ്രൊഫൈൽ, എച്ച്ബിഎസ് തുടങ്ങിയ പരിശോധനകളാണ് നടത്തുന്നത്. വീട്ടിലെ പരിശോധനയ്ക്ക് ശേഷം ആവശ്യമായവർക്ക് തുടർചികിത്സ ഉറപ്പാക്കുന്നു. സ്ഥാപന തലത്തിൽ ഇതിനായി കെയർ കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തും. ഗർഭിണികളായ സ്ത്രീകളെ പ്രസവത്തിനായി കൊണ്ടുപോകുന്നതിനും ആദിവാസികളെ ചികിത്സയ്ക്ക് കൊണ്ടുപോകുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ക്രമീകരണമൊരുക്കും. ആശുപത്രിയിൽ കൂട്ടിരിപ്പുകാരുടെ സേവനം ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനത്തെ അറിയിച്ച് സന്നദ്ധ പ്രവർത്തകരെ നിയോഗിക്കും. മറ്റു ചെലവുകൾക്ക് ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹായംതേടും.

ഗർഭിണികൾ, കിടപ്പുരോഗികൾ, പോഷകാഹാരക്കുറവുള്ള കുഞ്ഞുങ്ങൾ, ജന്മനാ വൈകല്യമുള്ളവർ, ഭിന്നശേഷിക്കാർ, ഒറ്റയ്ക്കായിപ്പോകുന്ന മുതിർന്ന പൗരന്മാർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്ക് പിന്തുണ ഉറപ്പാക്കുന്നു. അതിദരിദ്രരുടെ കുടുംബത്തിന് പ്രത്യേക പ്രാധാന്യം നൽകി ഓരോ മാസവും അവരുടെ വീടുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശനം നടത്തും. കിടപ്പിലായവർക്കും വയോജനങ്ങൾക്കും ഒറ്റയ്ക്ക് താമസിക്കുന്ന ആരോഗ്യ പ്രശ്നങ്ങളുള്ളവർക്കും രണ്ടാഴ്ചയിലൊരിക്കൽ പരിചരണം ഉറപ്പാക്കും. പ്രതിമാസ ആരോഗ്യ പരിശോധന നടത്തുകയും മെഡിക്കൽ ഓഫീസർമാർ ഇത് വിലയിരുത്തി തുടർ നടപടി സ്വീകരിക്കുകയും ചെയ്യും. ഇവരെ വിവിധ സർക്കാർ ചികിത്സാ പദ്ധതികളിൽ ഉൾപ്പെടുത്തി മതിയായ ചികിത്സ ഉറപ്പാക്കുന്നതാണ്.

## ഭക്ഷണശാലയിലെ മലിന ജലത്തിന് പരിഹാരമാകുന്നു



കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശം ആക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ദ്രവമാലിന്യ പരിപാലന നയങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സംരംഭകത്വ അടിസ്ഥാനത്തിൽ ഹോട്ടൽ ദ്രവമാലിന്യ സംസ്കരണത്തിനായി ജപ്പാൻ സാങ്കേതികവിദ്യയുടെ പരീക്ഷണം ആലപ്പുഴയിൽ വിജയകരമാകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മികച്ച സ്റ്റാർട്ടപ്പുകളിൽ സ്ഥാനം പിടിച്ച സ്ക്വാസ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡാണ് ഹോട്ടൽ മലിനജലം ശുദ്ധീകരിക്കുന്ന പ്ലാന്റ് നിർമ്മിച്ചത്. ഒരു ലിറ്റർ മലിനജലം ടാങ്കറിൽ കൊണ്ടുവന്ന് ശുദ്ധീകരിക്കുന്നതിന് 60 പൈസയും, പ്ലാന്റിൽ നേരിട്ട് എത്തിച്ചാൽ ശുദ്ധീകരിക്കുന്നതിന് 30 പൈസയും മാത്രമേ ചെലവ് വരുന്നുള്ളു. ആലപ്പുഴ നഗരസഭയിൽ വഴിച്ചേരിയിലാണ് പരീക്ഷണ അടിസ്ഥാനത്തിൽ പ്ലാന്റ് പ്രവർത്തിക്കുന്നത്. പ്ലാന്റിന്റെ പരീക്ഷണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ കളക്ടർ അലക്സ് വർഗീസ് ഐ.എ.എസ് നിർവഹിച്ചു. ആലപ്പുഴ നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.ആർ പ്രേം മുഖ്യ അതിഥിയായി. ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ കെ.എസ് രാജേഷ് അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ സ്ക്വാസ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന്റെ എം.ഡി ഡോക്ടർ ഹരീഷ് നമ്പ്യാരെ ജില്ലാ കളക്ടർ ആദരിച്ചു.

സ്ക്വാസ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് സ്ഥലം കണ്ടെത്തി നൽകിയ നഗരസഭ, ഹരിത കേരളം മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വമിഷൻ, കെ.എച്ച്.ആർ.എ എന്നിവയുടെ കൂട്ടായ്മയും ജില്ലാ കളക്ടറുടെ പ്രോത്സാഹനവുമാണ് പ്ലാന്റ് പ്രാവർത്തികമായതിന് പിന്നിൽ. പദ്ധതി വിജയകരമാകുന്ന പക്ഷം കൂടുതൽ വികേന്ദ്രീകൃത പ്ലാന്റുകൾ ജില്ലയിൽ സ്ഥാപിക്കുന്നതാണ്.

## ഓർമത്തുരുത്ത് സ്ഥാപിച്ചു

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ ഓർമത്തുരുത്ത് സ്ഥാപിച്ചു. ഹരിതകേരളം മിഷൻ സംസ്ഥാന അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.വി. മിനി അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ മനോഹരൻ മാസ്റ്റർ അദ്ദേഹത്തിന്റെ കൈവശമുള്ള 38 സെന്റ് സ്ഥലമാണ് പച്ചത്തുരുത്ത് ഒരുക്കുന്നതിനായി അനുവദിച്ചത്. ഇതിൽ ജനപ്രതിനിധികളായ പതിനാലു പേർ അവരുടെ ഭരണ കാലയളവായ 2020 -25 -ലെ ഓർമ്മകൾ നില നിർത്തുന്നതിനാണ് ഇത്തരത്തിൽ ഓർമ്മത്തുരുത്ത് ഒരുക്കുന്നത്. മാവ്, പ്ലാവ്, പേര,




റംബൂട്ടാൻ തുടങ്ങിയവയുടെ ഗ്രാഫ്റ്റ് ചെയ്ത ഫലവൃക്ഷ തൈകളാണ് പച്ചതുരുത്തിന് വേണ്ടി നട്ടത്. സമീപത്തെ വായനശാലയിലെ പ്രവർത്തകർ അടങ്ങിയ ഒരു ജനകീയ സംരക്ഷണ കമ്മിറ്റിയാണ് ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ചടങ്ങിൽ വൈസ് പ്രസിഡന്റ് കെ. അനിൽകുമാർ, സ്ഥിരം സമിതി അധ്യക്ഷൻമാരായ മനോഹരൻ മാസ്റ്റർ, പി.കെ. ജിഷ, ഷീജ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ജയപ്രകാശ് പന്തക്ക, രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ, ജനപ്രതിനിധികൾ, വായനശാല ഭാരവാഹികൾ, ഹെൽത്ത് ഇൻസ്പെക്ടർ, കുടുംബശ്രീ ഹരിതകർമസേന, തൊഴിലുറപ്പ് തൊഴിലാളികൾ, നാട്ടുകാർ തുടങ്ങിയവർ സംസാരിച്ചു.

## കേരളത്തിന്റെ ശിശു മരണ നിരക്ക് യുഎസിനേക്കാൾ കുറവ്

കേരളത്തിലെ ശിശു മരണനിരക്ക് 5 ആണെന്ന് ഏറ്റവും പുതിയ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട്. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ശിശു മരണ നിരക്കാണിത്. 25 ആണ് ദേശീയ ശരാശരി. അമേരിക്കൻ ഐക്യനാടുകളിലെ ശിശു മരണ നിരക്ക് 5.6 ആണ്. വികസിത രാജ്യത്തിനും താഴെയാണ് ഇപ്പോൾ കേരളത്തിലെ ശിശു മരണനിരക്ക്.

കേരളത്തിലെ നവജാത ശിശു മരണ നിരക്ക് 4ൽ താഴെയാണ്. ദേശീയ തലത്തിൽ 18 ഉള്ളപ്പോഴാണ് കേരളം 4ൽ എത്തിയത്. ഇത് വികസിത രാജ്യങ്ങൾക്ക് തുല്യമാണ്. 2021ലെ ശിശു മരണനിരക്കായ 6ൽ നിന്നാണ് മികച്ച പ്രവർത്തനങ്ങളിലൂടെ 5 ആക്കി കുറയ്ക്കാനായത്. 2023-ൽ 1,000 കുഞ്ഞുങ്ങളിൽ 5 മരണങ്ങൾ എന്ന ശിശു മരണനിരക്ക് രേഖപ്പെടുത്തിക്കൊണ്ടാണ് കേരളം പൊതുജനാരോഗ്യ രംഗത്ത് ശ്രദ്ധേയമായ മറ്റൊരു നാഴികക്കല്ല് കൈവരിച്ചത്. ഇത് യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ 1,000 ജനനങ്ങളിൽ 5.6 എന്ന നിരക്കിനേക്കാൾ കുറവാണ്.

കേരളം ആരോഗ്യ രംഗത്ത് നടത്തുന്ന മികച്ച പ്രവർത്തനങ്ങളുടെ നേട്ടമാണിതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. മാതൃശിശു സംരക്ഷണത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളുടേയും നിലവാരം ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു. പ്രസവം നടക്കുന്ന സംസ്ഥാനത്തെ 16 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ ഗുണനിലവാര സർട്ടിഫിക്കേഷനും 6 ആശുപത്രികൾക്ക് ദേശീയ മുസ്കാൻ അംഗീകാരവും ലഭ്യമാക്കി. രാജ്യത്ത് ആദ്യമായി മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കി.

## വട്ടവടയെ മാലിന്യമുക്തമാക്കാൻ "സുന്ദര വട്ടവട" കാമ്പയിൻ ആരംഭിച്ചു

കേരളത്തിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നായ ഇടുക്കി ജില്ലയിലെ വട്ടവടയെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ "സുന്ദര വട്ടവട" കാമ്പയിന് തുടക്കമായി. ഹരിതകേരളം മിഷന്റെയും വട്ടവട ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഈ കാമ്പയിൻ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിലൂടെ പ്രാദേശിക ജനവിഭാഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുക എന്നതും ഈ കാമ്പയിന്റെ പ്രധാന ലക്ഷ്യമാണ്.

കാമ്പയിന്റെ ആദ്യഘട്ടത്തിൽ, മാലിന്യം തരംതിരിക്കുന്നതിന്റെ പ്രാധാന്യം, യൂസർ ഫീ കൃത്യമായി കൈമാറേണ്ടതിന്റെ ആവശ്യകത, മാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് തടയേണ്ടതിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളിൽ പൊതുബോധവൽക്കരണം സൃഷ്ടിക്കുന്നതിനായി വീടുകൾ കയറിയുള്ള പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിച്ചു. തൊടുപുഴ അൽ അസർ കോളേജിലെ സോഷ്യൽ വർക്ക് വിഭാഗം വിദ്യാർത്ഥികളുടെ സഹകരണത്തോടെയാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്. വട്ടവടയുടെ പ്രകൃതി സൗന്ദര്യം നിലനിർത്തുന്നതിനും ശുചിത്വമുള്ള ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനും ഈ കാമ്പയിൻ നിർണായക പങ്ക് വഹിക്കും. കാമ്പയിനുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി പ്രതീഷ്, ഹരിതകേരളം മിഷൻ പ്രോജക്ട് അസോസിയേറ്റ് ജിഷ്ണു, ഹരിതകേരളം മിഷൻ ആർ.പി. രാകേഷ് എന്നിവർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.



## മലപ്പുറം ബ്ലോക്കിൽ ജലബജറ്റ് റിപ്പോർട്ട്

### ലക്ഷ്യം ജലസുരക്ഷയും സുസ്ഥിര ജലലഭ്യതയും ഉറപ്പാക്കൽ

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ആനക്കയം, കോഡൂർ, മൊറയൂർ, പൂക്കോട്ടൂർ, പൊന്മള, ഒതുക്കുങ്ങൽ പഞ്ചായത്തുകളുടെ ജലബജറ്റ് റിപ്പോർട്ട് പി. ഉബൈദുള്ള എം.എൽ.എ. പ്രകാശനം ചെയ്തു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണു റിപ്പോർട്ട് തയ്യാറാക്കിയത്. കോഴിക്കോട് സിഡബ്ല്യുആർഡിഎമ്മാണു സാങ്കേതിക സഹായം നൽകിയത്. ഭൂജലവിതാനം അടിസ്ഥാനമാക്കി



സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് കണ്ടെത്തിയിട്ടുള്ളതിൽ സെമി ക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെടുന്നതാണു മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്. ബജറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ള പരിഹാര നടപടികൾ ജനകീയമായി ചർച്ച ചെയ്തു നടപ്പാക്കി ജല സുരക്ഷയും സുസ്ഥിര ജലലഭ്യതയും ഉറപ്പുവരുത്തുകയാണു ജല ബജറ്റിന്റെ ലക്ഷ്യം. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അബ്ദുറഹ്മാൻ കാരാട്ട് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡണ്ടുമാരായ മൂസാകടമ്പോട്ട് (ഒതുക്കുങ്ങൽ), അടോട്ട് ചന്ദ്രൻ (ആനക്കയം), പി. സുനീറ (മൊറയൂർ), ജസീന മജീദ് (പൊന്മള), പൂക്കോട്ടൂർ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി. കമറുന്നീസ എന്നിവർ പഞ്ചായത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് റജുല പെലത്തൊടി സ്വാഗതവും സെക്രട്ടറി വിനോദ് പട്ടാളത്തിൽ നന്ദിയും പറഞ്ഞു. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഡോ. സീമ പദ്ധതി വിശദീകരണം നടത്തി.

## വെള്ളാവൂർഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രകാശനം ചെയ്തു

കോട്ടയം വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ ഭാവി ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് അടിത്തറയാകുന്ന ജലബജറ്റ് പ്രകാശനം ചെയ്തു. പഞ്ചായത്ത് പ്രദേശത്തെ ജലവിഭവം, വിനിയോഗം എന്നിവ വിലയിരുത്തുകയും സമഗ്രമായ വിവരശേഖരണം നടത്തുകയും ചെയ്ത ശേഷം നടത്തിയ വിശകലനത്തിലൂടെയാണ് പഞ്ചായത്ത് ജല ബജറ്റ് തയ്യാറാക്കിയത്.




ഓരോ പ്രദേശത്തും ലഭിക്കാനിടയുള്ള വെള്ളത്തിന്റെ അളവ് അവിടുത്തെ ജനസംഖ്യാ അടിസ്ഥാനത്തിലുള്ള ഉപഭോഗം എന്നിവയാണ് ജല ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലും സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റിന്റെ സാങ്കേതിക സഹായത്തോടെയുമാണ് ജലബജറ്റ് തയ്യാറാക്കിയത്. താഴത്തു വടകര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് അനൂപ് പി.ടി. ജലബജറ്റിന്റെ പ്രകാശനം നിർവഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആനന്ദവല്ലി കെ. അധ്യക്ഷയായി. ജല ഗുണനിലവാരലാബ് പരിശോധന ക്യാമ്പിന്റെ ഉദ്ഘാടനവും നീർച്ചാലുകളുടെ ഭൂപട കൈമാറ്റവും പ്രസിഡന്റ് നിർവഹിച്ചു. സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ നടത്തിയ നീർചാലുകളുടെ മാപിംഗ് പ്രവൃത്തി റിസോഴ്സ് പേഴ്സൺ ഷെഫി ജോൺ അവതരിപ്പിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ ഷൈൻ എൻ എസ് ,സ്കൂൾ പ്രിൻസിപ്പൽ ജിഷ ആർ, പി. റ്റി. എ പ്രസിഡന്റ് ബോബി കെ മാത്യു, കെമിസ്ട്രി അധ്യാപകൻ ഡോ അജയകുമാർ ജി, ഹരിതകേരളം മിഷൻ വാഴൂർ ബ്ലോക്ക് കോർഡിനേറ്റർ രഞ്ജിത്ത് പി.കെ. എന്നിവർ സംസാരിച്ചു.

## ഭാരതപ്പുഴ പുനരുദ്ധാരണം : സംസ്ഥാനത്തെ ആദ്യ ജലബന്ധാര തടയണ പദ്ധതിക്ക് തുടക്കം

പാലക്കാട് ഭാരതപ്പുഴ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരായി കടവിൽ കുന്തിപ്പുഴയ്ക്ക് കുറുകെ ഗോവൻ മോഡൽ ജലബന്ധാര തടയണ പദ്ധതിയ്ക്ക് തുടക്കമായി. സംസ്ഥാനത്ത് ഇത്തരത്തിലുള്ള ആദ്യ തടയണയാണിത്. പാലക്കാടിന്റെ വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കാർഷിക-കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഹരിതകേരളം മിഷൻ പൈലറ്റ് പദ്ധതികളുടെ ഭാഗമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ 4, 5, 6, 12, 13, 14 വാർഡുകൾക്കും തോട്ടര, താണിക്കുന്ന് എന്നീ പ്രദേശങ്ങളിലെ പാടശേഖരങ്ങൾക്കും ജലബന്ധാര തടയണ പദ്ധതിയുടെ പ്രയോജനം ലഭിക്കും. കുന്തിപ്പുഴയുടെ ഇടതുകരയിലെ പൊമ്പ്രയെയും വലതുകരയിലെ തോട്ടരയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പ്രധാന പ്രവേശന മാർഗ്ഗമായും ജലബന്ധാര തടയണ ഉപയോഗപ്രദമാകും.

## ജനമൈത്രി പോലീസ് സ്റ്റേഷനിൽ വൃക്ഷവൽക്കരണ ക്യാമ്പയിനും പച്ചത്തുരുത്തും




കൊച്ചി സിറ്റി കടവന്ത്ര ജനമൈത്രി പോലീസ് സ്റ്റേഷനും കൊച്ചി നഗരസഭയും സംയുക്തമായി ഹരിതകേരളം മിഷന്റെ ജനകീയ വൃക്ഷവൽക്കരണ പരിപാടിയുടെ ഭാഗമായി ക്യാമ്പയിൻ സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥരും നഗരസഭാ ജീവനക്കാരും പരസ്പരം വൃക്ഷത്തൈകൾ കൈമാറുകയും സ്റ്റേഷൻ പരിസരത്ത് വൃക്ഷത്തൈകളും പൂച്ചെടികളും നട്ട് പച്ചത്തുരുത്ത് ഒരുക്കുകയും ചെയ്തു.

# മഴ അളക്കാൻ നാട്ടുകാർ 'മഴയറിവ് ' പദ്ധതിയുമായി ജില്ലാ ഭരണകൂടം




എറണാകുളം ഓരോ പ്രദേശത്തും പെയ്യുന്ന മഴയുടെ അളവ് ജനകീയ പങ്കാളിത്തത്തോടെ ശേഖരിക്കാനും ജനങ്ങളെ കാലാവസ്ഥാ സാക്ഷരരാക്കാനും പദ്ധതി തയാറാക്കി ജില്ലാ ഭരണകൂടവും ഹരിത കേരളം മിഷനും.

ജില്ലയിൽ വ്യാപകമായി മഴ മാപിനികൾ സ്ഥാപിച്ചാകും ഇതു നടപ്പാക്കുക. കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളും വെല്ലുവിളികളും വരുംകാലത്തു കൂടുതൽ പ്രതിസന്ധികൾക്കു കാരണമാകുമെന്നത് മുൻനിർത്തിയാണ് കാലാവസ്ഥ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ശക്തമാക്കുന്നത്. നാട്ടിൽ സ്ഥാപിക്കുന്ന മഴമാപിനികളിലൂടെ നാട്ടുകാർക്കു മഴയുടെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കാം. പ്രാദേശികമായി ലഭിക്കുന്ന ഇത്തരം വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കു പദ്ധതികൾ ആസൂത്രണം ചെയ്യാം. ആമ്പല്ലൂർ പഞ്ചായത്തിൽ ആരംഭിച്ച പദ്ധതി അടുത്ത ഘട്ടത്തിൽ 10 തദ്ദേശ സ്ഥാപന പ്രദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കും.

പദ്ധതി പ്രവർത്തനങ്ങളോടനുബന്ധിച്ചു നടത്തിയ "മഴയറിവ്" ശിൽപശാല കലക്ടർ ജി.പ്രിയങ്ക ഉദ്ഘാടനം ചെയ്തു. കുസാറ്റ് റഡാർ സെന്റർ ഡയറക്ടർ ഡോ എസ്.അഭിലാഷ്, ഹ്യൂംസ് സെന്റർ ക്ലൈമറ്റ് ആക്ഷൻ ലീഡർ എ.ആർ.രഞ്ജിനി, ആമ്പല്ലർ പഞ്ചായത്ത് പ്രസിഡന്റ് ബിജു തോമസ്, ഹരിതകേരളം ബ്ലോക്ക് കോർഡിനേറ്റർ എസ്.രഞ്ജിനി, സയൻസ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ പി.എ.തങ്കച്ചൻ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൻ എ.എ.സുരേഷ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കുസാറ്റ്, വയനാട് ഹ്യൂംസ് സെന്റർ, തുരുത്തിക്കര സയൻസ് സെന്റർ, സുസ്ഥിര ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി.

## മനസ്സോടിത്തിരി മണ്ണ് സിഡിഎസ് തണലൊരുക്കി;

### ചന്ദനകുമാരി ഭൂമിയുടെ അവകാശി



സ്വന്തം വീടെന്ന ചന്ദനകുമാരിയുടെയും മകൾ മഞ്ജുഷയുടെയും സ്വപ്നത്തിന് ഇനി പുതുനിറം. കുടുംബത്തിന് വീടുവയ്ക്കാനായി കുടുംബശ്രീ പ്രവർത്തകരുടെ കൂട്ടായ്മയിൽ തിരുവനന്തപുരം വിതുര പഞ്ചായത്തിലെ എലിക്കോണം പ്രദേശത്ത് ഇടമൊരുങ്ങി. മനസ്സോടിത്തിരി മണ്ണ് പദ്ധതിയുടെ ഭാഗമായി സിഡിഎസ് സമ്മാനക്കൂപ്പൺ ചലഞ്ചിലൂടെ ധനസമാഹരണം നടത്തി നാലുസെന്റ് വസ്തുവാണ് വാങ്ങി നൽകിയത്. അതിദരിദ്രരുടെ പട്ടികയിലുണ്ടായ കുടുംബത്തിന് ഇവിടെ ലൈഫ് പദ്ധതിയിൽ വീടുയരും. അതിദരിദ്രരുടെ പട്ടികയിലുണ്ടായ അവസാനയാളാണ് 54 കാരിയായ ചന്ദനകുമാരി. നിലവിൽ ബോണക്കാട് എസ്റ്റേറ്റിലാണ് താമസിക്കുന്നത്. പഞ്ചായത്തിലെ 327 അയൽക്കൂട്ടങ്ങളുടെ ശ്രമഫലമായാണ് സ്ഥലം വാങ്ങിയത്.

# വയനാട് - ചെമ്പ്ര പീക്ക് ഹരിത ടൂറിസം പ്രഖ്യാപനം

സൗത്ത് വയനാട് ഫോറെസ്റ്റ് സ്റ്റേഷന് കീഴിലുള്ള ചെമ്പ്ര പീക്ക് ഇക്കോ ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. ഗ്രീൻ ടൂറിസം സെന്റർ സർട്ടിഫിക്കറ്റ് വിതരണവും നടത്തി. മേപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ബാബു ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.സുരേഷ് ബാബു ക്യാമ്പയിൻ വിശദീകരണം നടത്തി. സൗത്ത് വയനാട് ഡി.എഫ്.ഒ അജിത് കെ രാമൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു. മേപ്പാടി റെയിഞ്ച് ഓഫീസർ,വി.എസ്.എസ് പ്രസിഡന്റ്, എക്സിക്യൂട്ടീവ് മെമ്പർ, പ്രസിഡന്റ് തുടങ്ങിയവർ സംസാരിച്ചു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246